പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 316 05.03.2012ൽ മറുപടിയ്ക്ക്

ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന നടപ്പാക്കുന്ന മൊബൈൽ അദാലത്ത് യൂണിറ്റിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. സാജു പോൾ | ഉത്തരം<br>ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|
| (എ). ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന നടപ്പാക്കുന്ന മൊബൈൽ അദാലത്ത് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയോ? | നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശാനുസരണം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മേൽനോട്ടത്തിൽ നിയമ സേവന പ്രവർത്തനങ്ങളും ലോക് അദാലത്തുകളും സംഘടിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മൊബൈൽ അദാലത്ത് യൂണിറ്റിന്റെ ഉത്ഘാടനം 23-02-2012ന് കേരള ഹൈക്കോടതി ജഡ്ജിയും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനുമായ ബഹു; ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ ഫ്ലാഗ് ഓഫ് ചെയ്ത് നിർവ്വഹിച്ചു. മൊബൈൽ അദാലത്ത് യൂണിറ്റിന്റെ ആദ്യ ലോക് അദാലത്ത് കുന്നത്തുനാട് താലൂക്കിലെ പൂത്തൃക്ക പഞ്ചായത്തിൽ വെച്ച് 25-02-2012ന് നടത്തുകയുണ്ടായി. |
| (ബി) ഇല്ലെങ്കിൽ എന്നു മുതൽ തുടങ്ങും? | മേൽപറഞ്ഞ പ്രകാരം മൊബൈൽ അദാലത്ത് യൂണിറ്റിന്റെ പ്രവർത്തനം 25-02-2012ന് ആരംഭിച്ചു. |
| (സി) ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ? | സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നിയമ സാക്ഷരത പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നിയമ സേവന പ്രവർത്തനങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും ലോക് അദാലത്തുകൾ |

| | |
|---|---|
| | സേവന അതോറിറ്റികളും കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഒരു വിഭാഗം ആളുകളിൽ പ്രസ്തുത സ്ഥാപനങ്ങളെക്കുറിച്ചുള്ള അജ്ഞത നില നിൽക്കുന്നതിനാൽ പല കാര്യങ്ങളിലും ശരിയായ നിയമപരിരക്ഷ ലഭിക്കാതെ പോകുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ജനങ്ങളിലേയ്ക്ക് നേരിട്ടിറങ്ങിച്ചെന്ന് നിയമ സേവനം നൽകുന്നതിനും നിയമസേവന അതോറിറ്റികളെക്കുറിച്ചും അവയുടെ സേവനങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമുള്ള ഒരു സംവിധാനം എന്ന നിലയിൽ മൊബൈൽ അദാലത്ത് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.<br>മൊബൈൽ അദാലത്തിന്റെ നടത്തിപ്പിനായി താഴെ പറയുന്ന വ്യക്തികൾ അടങ്ങിയ ഒരു പാനൽ അതാത് സ്ഥലത്തെ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ രൂപീകരിക്കുന്നതാണ്.<br>* റിട്ടയേർഡ് അല്ലെങ്കിൽ സർവ്വീസിൽ ഇരിക്കുന്ന ജുഡീഷ്യൽ ഓഫീസർ<br>* അഭിഭാഷകർ/സർക്കാർ ഉദ്യോഗസ്ഥർ<br>* പാരാ ലീഗൽ വോളൻറിയർമാർ<br>* സാമൂഹ്യപ്രവർത്തകർ<br>* അതാത് സ്ഥലങ്ങളിലെ പൗരപ്രമുഖർ<br><br>മൊബൈൽ അദാലത്തിനായി ഉപയോഗിക്കുന്ന വാഹനത്തിൽ നിയമ ബോധവത്കരണപ്രവർത്തനങ്ങൾ, ലോക് അദാലത്തുകൾ എന്നിവ സംഘടിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ |

| | |
|---|---|
| | താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>* ആവശ്യമായ ഫർണിച്ചറോടുകൂടിയ ഒരു അദാലത്ത് കംപാർട്ട്മെൻറ്<br>* കമ്പ്യൂട്ടറും പ്രിൻററും<br>* ആവശ്യമായ ഇരിപ്പിടങ്ങൾ<br>* ഫയൽ ക്യാബിനറ്റ്<br>* ഡി.വി.ഡി. പ്ലെയർ, ടി.വി മുതലായവ<br>* പ്രൊജക്ടറും സ്ക്രീനും<br>* പബ്ലിക് അഡ്രസ്സ് സിസ്റ്റം<br><br>മൊബൈൽ അദാലത്തിൻെറ ഓരോ ജില്ലയിലേയും പ്രവർത്തനം സംസ്ഥാന അതോറിറ്റിയും, അതാത് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും കൂടിയാലോചിച്ച് മുൻകൂട്ടി തീരുമാനിച്ച പ്രകാരമാണ് നടത്തുന്നത്.<br>മൊബൈൽ ലോക് അദാലത്തിൻെറ പരിഗണനയ്ക്കായി ഏതൊക്കെ കേസുകളാണ് അയയ്ക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ചെയർമാനായ അതാത് ജില്ലാ ജഡ്ജിമാരാണ്.<br>ഉൾനാടൻ ഗ്രാമങ്ങൾ, ആദിവാസി കോളനികൾ, ചേരിപ്രദേശങ്ങൾ, വ്യാവസായിക പ്രദേശങ്ങൾ മുതലായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ, തൊഴിലാളികൾ, മറ്റു ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ ഇടയിൽ നിയമ ബോധവൽക്കരണം നടത്തുകയും ലോക് അദാലത്തുകൾ മുഖേന തർക്കങ്ങൾ രമ്യമായി പരിഹരിക്കുകയും ചെയ്യുക എന്നത് മൊബൈൽ അദാലത്ത് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകൾ, ജയിലുകൾ, ഷെൽട്ടർ |

[illegible] മൊബൈൽ അദാലത്ത് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

അതാത് ജില്ലകളിലെ പര്യടന പരിപാടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും മുൻകൂട്ടി അറിയിക്കുക വഴി പൊതുജനങ്ങൾക്ക് മൊബൈൽ അദാലത്ത് മുഖേന തങ്ങളുടെ നിയമ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള അവസരം ലഭിക്കുന്നു. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ ഒരു സ്ഥലത്തായിരിക്കും ലോക് അദാലത്തിന്റെ പ്രവർത്തനം കേന്ദ്രീകരിക്കുന്നത്.

സംസ്ഥാന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയാണ് മൊബൈൽ ലോക് അദാലത്ത് വാനിന്റെ കസ്റ്റോഡിയൻ. പര്യടനവേളയിൽ അതാത് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ചെയർമാനാണ് വാഹനം സൂക്ഷിക്കേണ്ടത്. മൊബൈൽ ലോക് അദാലത്ത് വാനിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന ചെലവുകൾ ( അദാലത്ത് മെമ്പർമാരുടെ റ്റി. എ. / ഡി. എ., ഹോണറേറിയം, ഡ്രൈവറുടെ ശബളം മുതലായവ) എല്ലാം അതാത് ജില്ലാ ലീഗൽ സർവ്വീസസ് അതോരിറ്റികളാണ് വഹിക്കേണ്ടത്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**